സി4-6470/14 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,

ഇടുക്കി, തീയതി:10.08.2018

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
ഇടുക്കി.

ബഹു.പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം: ഇടുക്കി ജില്ല-ആർ.ജി.പി.എസ്.എ-ജില്ലാ പ്ലാനിങ്ങ് ആന്റ് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം-പുനർലേലപരസ്യം പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്

സൂചന: 1. അങ്ങയുടെ 26.06.2018-ലെ സി1-14644/18 നമ്പർ ഉത്തരവ്

2. ഇടുക്കി സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 14.02.2018-ലെ എ1-1930/17 നമ്പർ ഉത്തരവ്

3. ഈ കാര്യാലയത്തിലെ 20.07.2018-ലെ ഇതേ നമ്പർ കത്ത്

ഇടുക്കി ജില്ലയിൽ ജില്ലാ പ്ലാനിങ്ങ് ആന്റ് റിസോഴ്സ് സെന്റർ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് നിൽക്കുന്ന 48 മരങ്ങൾ ലേലത്തിൽ വിൽക്കുന്നതിന് സൂചന (1) പ്രകാരം അനുമതി ഉത്തരവ് ലഭ്യമായിട്ടുള്ളതും, സൂചന (2) പ്രകാരം പ്രസ്തുത മരങ്ങളുടെ വാലുവേഷൻ ലഭ്യമാക്കിയിട്ടുള്ളതുമാണ്. സൂചന (3) പ്രകാരം ടി മരങ്ങൾ ലേലം ചെയ്തു വിൽക്കുന്നതിന് ലേലപരസ്യം നൽകിയിരുന്നതും, 09.08.2018-ൽ ലേലനടപടികൾ നടത്തുന്നതിന് നിശ്ചയിച്ചിരുന്നതുമാണ്. എന്നാൽ വാലുവേഷൻ തുകക്ക് ലേലം കൊള്ളുന്നതിന് ലേലത്തിൽ പങ്കെടുത്ത ആളുകൾ തയ്യാറാകാത്ത സാഹചര്യത്തിൽ പുനർലേലം ആവശ്യമായി വന്നിരിക്കുന്നു. ടി സാഹചര്യത്തിൽ ടി മരങ്ങൾ പുനർലേലം ചെയ്യുന്നതിനായി www.dop.lsgkerala.gov.in/ml/tender എന്ന വെബ്സൈറ്റിൽ പരസ്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. പരസ്യം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ഇടുക്കി

# വിൻഡോ പരസ്യം (പുനർലേലം)

**സി4-6470/14** **തീയതി:10.08.2018**

ഇടുക്കി ജില്ലയിൽ ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ സർവ്വേ നമ്പർ 161/1-ൽ ഉൾപ്പെടുന്നതും ജില്ലാ പ്ലാനിങ്ങ് ആന്റ് റിസോഴ്സ് സെന്റർ കെട്ടിടം നിർമ്മിക്കുന്നതിനായി ഇടുക്കി ജില്ലാ പഞ്ചായത്ത് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിച്ചിട്ടുള്ളതുമായ 70 സെന്റ് സ്ഥലത്ത് നിൽക്കുന്ന 48 മരങ്ങൾ നിലവിലായിരിക്കുന്ന അവസ്ഥയിൽ 31.08.2018 തീയതിയിൽ രാവിലെ 11 മണിക്ക് പ്രസ്തുത സ്ഥലത്തു വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 04862-222846 എന്ന ഫോൺ നമ്പരിൽ ഓഫീസ് പ്രവൃത്തി സമയത്ത് ബന്ധപ്പെടുകയോ, ഓഫീസിൽ നേരിട്ട് അന്വേഷിക്കുകയോ ചെയ്യാവുന്നതാണ്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ഇടുക്കി

# ലേലം ചെയ്യുന്നതിനുള്ള മരങ്ങളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഇനം | GBH വണ്ണം (മീറ്റർ) | വ്യാപ്തം (M3) | നിരക്ക് (രൂപ) | വില (രൂപ) |
|---|---|---|---|---|---|
| 1 | മരുതി വിറക് മാത്രം | 0.65 | 0.075MT | 1770 | 133 |
| 2 | മരുതി വിറക് മാത്രം | 0.6 | 0.05MT | 1770 | 89 |
| 3 | മരുതി | 0.75 | 0.141 | 9490 | 1338 |
| | വിറക് | | 0.045 | 1770 | 80 |
| 4 | മരുതി വിറക് മാത്രം | 0.65 | 0.075MT | 1770 | 133 |
| 5 | മരുതി വിറക് മാത്രം | 0.5 | 0.05MT | 1770 | 89 |
| 6 | മരുതി | 0.85 | 0.169 | 9490 | 1604 |
| | വിറക് | | 0.12MT | 1770 | 212 |
| 7 | വട്ട വിറക് മാത്രം | 0.6 | .05MT | 1770 | 89 |
| 8 | വട്ട | 0.95 | 0.322 | 9490 | 3046 |
| | വിറക് | | 0.19MT | 1770 | 336 |
| 9 | മരുത് | 0.95 | 0.213 | 9490 | 2021 |
| | വിറക് | | 0.205MT | 1770 | 363 |
| 10 | വട്ട വിറക് മാത്രം | 0.5 | 0.04MT | 1770 | 70 |
| 11 | വട്ട | 0.75 | 0.115 | 9460 | 1088 |
| | വിറക് | | 0.19MT | 1770 | 336 |
| 12 | വട്ട വിറക് മാത്രം | 0.6 | .05MT | 1770 | 89 |
| 13 | വട്ട വിറക് മാത്രം | 0.6 | .05MT | 1770 | 89 |
| 14 | വട്ട | 0.95 | 0.322 | 9460 | 3046 |
| | വിറക് | | 0.19MT | 1770 | 336 |
| 15 | താളി | 0.85 | 0.30MT | 1770 | 531 |
| 16 | മരുതി വിറക് മാത്രം | 0.5 | 0.05MT | 1770 | 89 |
| 17 | മരുതി | 1.35 | 0.55 | 9490 | 5220 |
| | വിറക് | | .55MT | 1770 | 974 |
| 18 | മരുതി | 0.85 | 0.16 | 9490 | 1518 |
| | വിറക് | | .12MT | 1770 | 212 |
| 19 | ഇലവ് | 2.95 | 6.17 | 10840 | 66883 |
| 20 | വട്ട (പൊത്ത് കേട് വിറക് മാത്രം) | 1.25 | .59MT | 1770 | 1044 |
| 21 | ഭദ്രാക്ഷം | 0.85 | .065MT | 1770 | 115 |
| 22 | ഭദ്രാക്ഷം | 1.35 | 0.71MT | 1770 | 1257 |
| 23 | വറങ്ങ് വിറക് മാത്രം | 1.55 | 1.05MT | 1770 | 1859 |
| 24 | വറങ്ങ് വിറക് മാത്രം | 2.15 | 2.41MT | 1770 | 4266 |
| 25 | മരോട്ടി (പൊത്ത് കേട്) വിറക് മാത്രം | 1.8 | 1.67MT | 1770 | 2956 |
| 26 | മരുത് (ആലുചുറ്റി ദ്രവിച്ച നിലയിൽ) വിറക് മാത്രം | 2.25 | 2.14MT | 1770 | 3788 |
| 27 | മരുത് (ആലുചുറ്റി ദ്രവിച്ച നിലയിൽ) വിറക് മാത്രം | 1.15 | .46MT | 1770 | 814 |
| 28 | വട്ട | 1.85 | 1.5 | 9460 | 14190 |
| | വിറക് | | .77MT | 1770 | 1363 |
| 29 | പൂവം | 0.55 | .05MT | 1770 | 89 |
| 30 | വട്ട | 0.75 | 0.115 | 9460 | 1088 |
| | വിറക് | | .19MT | 1770 | 336 |

# ലേലം ചെയ്യുന്നതിനുള്ള മരങ്ങളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഇനം | GBH വണ്ണം (മീറ്റർ) | വ്യാപ്തം (M3) | നിരക്ക് (രൂപ) | വില (രൂപ) |
|---|---|---|---|---|---|
| 31 | പൂവം വിറക് മാത്രം | 1.55 | 1.55MT | 1770 | 2744 |
| 32 | മരുതി | 1.25 | 0.44 | 9490 | 4176 |
| | വിറക് | | .46MT | 1770 | 814 |
| 33 | മരുതി വിറക് മാത്രം | 1.25 | .55MT | 1770 | 974 |
| 34 | വറങ്ങ് വിറക് മാത്രം | 1.25 | .52MT | 1770 | 920 |
| 35 | കുമ്പിൾ വിറക് മാത്രം | 0.65 | .010MT | 1770 | 18 |
| 36 | താളി വിറക് മാത്രം | 1.35 | .60MT | 1770 | 1062 |
| 37 | താളി വിറക് മാത്രം | 1.05 | .28MT | 1770 | 496 |
| 38 | താളി വിറക് മാത്രം | 1.15 | .41MT | 1770 | 726 |
| 39 | മഹാഗണി | 0.85 | 0.13 | 15430 | 2006 |
| 40 | കാര | 1.45 | 1.352 | 6343 | 8576 |
| | വിറക് | | .23MT | 1770 | 407 |
| 41 | യൂക്കാലി | 0.85 | 0.42 | 3900 | 1638 |
| | വിറക് | | .34MT | 1770 | 602 |
| 42 | വട്ട വിറക് മാത്രം | 0.65 | .05MT | 1770 | 89 |
| 43 | മരുത് വിറക് മാത്രം | 0.65 | .075MT | 1770 | 133 |
| 44 | മരുത് | 0.85 | 0.16 | 9490 | 1518 |
| | വിറക് | | .12MT | 1770 | 212 |
| 45 | മരുത് വിറക് മാത്രം | 0.65 | .075MT | 1770 | 133 |
| 46 | മരുത് വിറക് മാത്രം | 0.6 | .05MT | 1770 | 89 |
| 47 | മരുത് | 2.15 | 2.04 | 13093 | 26710 |
| | വിറക് | | 1.40MT | 1770 | 2478 |
| 48 | മരുത് | 1.45 | 0.68 | 13093 | 8903 |
| | വിറക് | 0.65 | .065MT | 1770 | 1151 |
| | **ആകെ** | | | | **189754** |

# ലേല നിബന്ധനകൾ

1. ഇടുക്കി ജില്ലയിൽ ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ സർവ്വേ നമ്പർ 161/1–ൽ ജില്ലാ പഞ്ചായത്ത് കാര്യാലയത്തിനു സമീപം ജില്ലാ പ്ലാനിങ്ങ് ആന്റ് റിസോഴ്സ് സെന്റർ നിർമ്മിക്കാനുദ്ദേശിക്കുന്ന 70 സെന്റ് സ്ഥലത്ത് നിൽക്കുന്നതും വാലുവേഷൻ ലഭ്യമായിട്ടുള്ളതുമായ 48 മരങ്ങൾ 31.08.2018 തീയതിയിൽ രാവിലെ 11 മണിക്ക് പ്രസ്തുത സ്ഥലത്തു വച്ച് പരസ്യലേലം ചെയ്ത് നൽകുന്നതാണ്.
2. ആകെ കുറഞ്ഞ ലേലതുക 189754/– രൂപയായി നിജപ്പെടുത്തിയിട്ടുള്ളതാണ്.
3. ലേലം കൊള്ളുന്നയാൾ ലേലതുകയുടെ 5% വനവികസന നികുതിയും, ലേലതുകയും വനവികസനനികുതിയും ചേർത്തുള്ള തുകയുടെ 18% ജി.എസ്.ടിയും കൂടി ഒടുക്കേണ്ടതാണ്.
4. ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 10000/– രൂപ നിരതദ്രവ്യമായി നൽകേണ്ടതാണ്.
5. നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റ്/ബാങ്കേഴ്സ് ചെക്ക് എന്നിവ മുഖേന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ഇടുക്കി,തൊടുപുഴ എന്ന പേരിൽ ഒടുക്കി അസ്സൽ ഹാജരാക്കുകയോ, പണമായി ഒടുക്കുകയോ ചെയ്യാവുന്നതാണ്.
6. ഏറ്റവും കൂടിയ തുകക്ക് ലേലം വിളിക്കുന്നയാൾക്ക് ലേലം താൽക്കാലികമായി ഉറപ്പിച്ച് നൽകുന്നതും, മുഴുവൻ ലേലതുകയും, നിബന്ധന 2 പ്രകാരമുള്ള തുകയും പൂർണ്ണമായി ഒടുക്കുമ്പോൾ ലേലം സ്ഥിരപ്പെടുത്തി നൽകുന്നതുമാണ്.
7. ലേലം കൊണ്ടയാൾ സ്വന്തം ഉത്തരവാദിത്തത്തിൽ മരങ്ങൾ നിശ്ചിത സ്ഥലത്തു നിന്നും നിശ്ചിത തീയതിക്കകം നീക്കം ചെയ്യേണ്ടതാണ്. ആയത് സംബന്ധിച്ചുള്ള ഒരു ഉത്തരവ് നൽകുന്നതാണ്.
8. പ്രസ്തുത ലേലം നിലവിലുള്ള ചട്ടങ്ങൾക്കും,നിബന്ധനകൾക്കും പൂർണ്ണ വിധേയമായിരിക്കുന്നതാണ്.
9. ലേലം മാറ്റി വെക്കുന്നതിനോ,അസ്ഥിരപ്പെടുത്തുന്നതിനോ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ഇടുക്കി